**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 278** **09-10-2025 - ൽ മറുപടിയ്ക്ക്**

**കേരളത്തെ അന്താരാഷ്ട്ര വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. കെ.വി.സുമേഷ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ഗ്ലോബൽ നിലവാരത്തിലുള്ള അവസരങ്ങൾ ഒരുക്കാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ഗ്ലോബൽ നിലവാരത്തിലുള്ള അവസരങ്ങൾ ഒരുക്കാൻ താഴെപ്പറയുന്ന പദ്ധതികൾ ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന ആവിഷ്കരിച്ചിട്ടുണ്ട്:<br><br>**<u>സ്റ്റഡി ഇൻ കേരള:-</u>**<br><br>അന്താരാഷ്ട്ര വിദ്യാർത്ഥികളെ മുഴുവൻ സമയ-ഹ്രസ്വകാല പ്രോഗ്രാമുകളിലേയ്ക്ക് ആകർഷിക്കുന്നതിനും, കേരളത്തെ ഒരു ഉന്നതവിദ്യാഭ്യാസ ഹബ്ബ് ആക്കി മാറ്റുന്നതിനും കൂടുതൽ വിദ്യാർത്ഥികളെ കേരളത്തിലേക്ക് എത്തിക്കുന്നതിനും ആവശ്യമായ കർമ്മപരിപാടികൾ സ്റ്റഡി ഇൻ കേരള എന്ന പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നു.<br><br>**<u>ഉന്നത വിദ്യാഭ്യാസ കോൺക്ലേവ്:</u>**<br><br>അന്താരാഷ്ട്ര തലത്തിലുള്ള ഉന്നതവിദ്യാഭ്യാസ രീതികളെയും പുതുതലമുറയിലെ ഉന്നതവിദ്യാഭ്യാസ സാധ്യതകളെയും കുറിച്ച് ആഴത്തിലും പരപ്പിലും ചർച്ച ചെയ്യുന്നതിനുവേണ്ടി ഉന്നതവിദ്യാഭ്യാസവകുപ്പ്, ഉന്നത വിദ്യാഭ്യാസ കൗൺസിലുമായി ചേർന്ന് 2025 ജനുവരി 14,15 തീയതികളിൽ കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയിൽ (CUSAT) വച്ച് <u>'Shaping Kerala's Future- International Conclave on Next-Gen Higher Education'</u> എന്ന പേരിൽ അന്താരാഷ്ട്ര ഉന്നതവിദ്യാഭ്യാസ കോൺക്ലേവ് സംഘടിപ്പിക്കുകയുണ്ടായി.<br><br>സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ വിദഗ്ദ്ധരെയും സ്ഥാപനങ്ങളെയും സംയോജിപ്പിച്ച് "ഉദ്യമ" എന്ന |

പേരിൽ ഒരു കോൺക്ലേവും സംഘടിപ്പിച്ചു. വ്യവസായ രംഗത്തു നിന്നുള്ള പ്രതിനിധികൾ, പൂർവ വിദ്യാർത്ഥികൾ എന്നിവർ കോൺക്ലേവിൽ പങ്കാളികളായി.

**<u>സെന്റർ ഓഫ് എക്സലൻസ്:</u>**

ഉന്നത വിദ്യാഭ്യാസ കൗൺസിൽ താഴെ പറയുന്ന സെന്റേഴ്സ് ഓഫ് എക്സലൻസ് ആരംഭിക്കുന്നതിന് 22-7-2024 ലെ <u>സ.ഉ.(സാധാ) നം. 897/2024/ഉ.വി.വ</u>. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്

1. Centre of excellence for Teaching, Learning and Training
2. Kerala Institute for Science, Technology and Innovation (KISTI)
3. Kerala Institute of Advanced Studies (KIAS)
4. Kerala Network for Research-support in Higher Education (KNRSHE)
5. Centre for Indigenous Peoples Education (CIPE)
6. The Kerala Institute for Gender Equality (KIGE)
7. Kerala Language Network (KLN)

കൂടാതെ 20-4-2023 ലെ സ.ഉ. (സാധാ) നം. 576/2023/ഉ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേരള സർവ്വകലാശാല ക്യാമ്പസിൽ താണു പത്മനാഭൻ സെന്റർ ഓഫ് എക്സലൻസ് ഇൻ അസ്ട്രോണമി ആന്റ് ആസ്ട്രോഫിസിക്സ്, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ ന്യൂറോഡീജനറേഷൻ ആന്റ് ബ്രെയിൻ ഹെൽത്ത്, മഹാത്മാഗാന്ധി സർവ്വകലാശാലയിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി എന്നീ സെന്റേഴ്സ് ഓഫ് എക്സലൻസുകളും ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

**<u>കരിക്കുലം പരിഷ്കരണം:-</u>**

ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ ശിപാർശകളുടെ ഭാഗമായി കരിക്കുലം പരിഷ്കരിക്കുന്നതിനും 4 വർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനുമായി രൂപീകരിച്ച ഡോ. സുരേഷ് ദാസ് അധ്യക്ഷനായ 39 അംഗ കേരള സംസ്ഥാന ഹയർ എഡ്യൂക്കേഷൻ കരിക്കുലം കമ്മിറ്റി നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലം ചട്ടക്കൂട് തയ്യാറാക്കിയിട്ടുള്ളതും, നാലുവർഷ ബിരുദ

പ്രോഗ്രാമുകളുടെ ഘടന സംബന്ധിച്ച ഈ കമ്മിറ്റിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സർവ്വകലാശാലകളിലും 850-ഓളം കോളേജുകളിലും 2024-25 അക്കാദമിക വർഷം മുതൽ നാലുവർഷ ബിരുദ പ്രോഗ്രാം നടപ്പിലാക്കിവരികയും ചെയ്യുന്നു. നാലുവർഷ ബിരുദ പ്രോഗ്രാമുകൾ നടപ്പിലാക്കാൻ ആവശ്യമായ മാതൃക റെഗുലേഷൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കി സർവ്വകലാശാലകൾക്ക് നൽകിയിട്ടുണ്ട്. നാലു വർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലവും ക്രെഡിറ്റുകളും നിർവചിച്ചിരിക്കുന്നത് ദേശീയ-അന്തർദേശീയ മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടാണ്. വിദേശ രാജ്യങ്ങളിലേതുപോലെ പൂർണ്ണമായും ക്രെഡിറ്റ് അടിസ്ഥാനമാക്കി ഓരോ വിദ്യാർത്ഥിക്കും സ്വന്തം അഭിരുചികളും ലക്ഷ്യങ്ങളും അനുസരിച്ച് അക്കാദമിക് അഡ്വൈസറുടെ സഹായത്തോടെ സ്വന്തം കഴിവുകൾ വികസിപ്പിക്കാനും പ്രൊഫഷണൽ ലക്ഷ്യങ്ങൾക്ക് സഹായകരമാവും വിധം വിവിധ വിഷയങ്ങളുടെ കോമ്പിനേഷൻ തെരഞ്ഞെടുത്ത് തന്റെ ബിരുദ ഘടന രൂപകല്പന ചെയ്യാനുള്ള തരത്തിലാണ് കരിക്കുലം രൂപകല്പന ചെയ്തിരിക്കുന്നത്. നാലുവർഷ ബിരുദ ക്രെഡിറ്റുകൾക്ക് ലോകത്തിലെ പ്രധാനപ്പെട്ട ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനങ്ങളായ യൂറോപ്യൻ ക്രെഡിറ്റ് ട്രാൻസ്ഫർ സിസ്റ്റം (ECTS) ആയിട്ടും അമേരിക്കൻ ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനമായിട്ടും ക്രെഡിററ് കൈമാറ്റം സാധ്യമാകും. നമ്മുടെ ബിരുദങ്ങൾക്കും ഇന്റർനാഷണൽ കോമ്പാറ്റബിലിറ്റി നേടാൻ ഈ സംവിധാനം സഹായകരമാവുകയും ചെയ്യും.

**<u>പരിഷ്കരിച്ച പി.ജി. കരിക്കുലം</u>**

നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ തുടർച്ചയായി പി.ജി. കരിക്കുലവും പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായുള്ള കരിക്കുലം ചട്ടക്കൂട് രൂപീകരിച്ചു.

**<u>പരിഷ്കരിച്ച B.Voc. കരിക്കുലം:-</u>**

സംസ്ഥാന ബി.വോക്. (B.Voc.) പ്രോഗ്രാമുകളുടെ കരിക്കുലവും നാല് വർഷ ബിരുദപദ്ധതിയുടെ (FYUGP) കരിക്കുലവും തൊഴിൽസാധ്യത വർദ്ധിപ്പിക്കുന്നതിനായി വ്യവസായവുമായി നേരിട്ട് ബന്ധിപ്പിച്ചുള്ള പഠന-പരിശീലന ഘടകങ്ങൾ ഉൾക്കൊള്ളുന്ന രീതിയിൽ രൂപകൽപ്പന ചെയ്തിട്ടുണ്ട്.

**<u>എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം:</u>**

സംസ്ഥാനത്തെ സർവകലാശാലകളിലെയും കോളേജുകളിലെയും അക്കാദമിക് സമൂഹത്തിന് നൊബേൽ ജേതാക്കളടക്കമുള്ള അക്കാദമിക് വിദഗ്ധരുമായി ആശയ വിനിമയം നടത്തുന്നതിനും അതിലൂടെ അക്കാദമിക് നെറ്റ്‌വർക്ക് വികസിപ്പിക്കുന്നതിനുമായി എറുഡൈറ്റ് സ്കോളർ ഇൻ റസിഡൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കിയതു മുതൽ നാളിതുവരെ 15 നൊബേൽ ജേതാക്കൾ ഉൾപ്പെടെ 381 വിദഗ്ധരാണ് ഈ പദ്ധതിയ്ക്ക് കീഴിൽ സംസ്ഥാനത്തെ സർവ്വകലാശാലകളും കോളേജുകളും സന്ദർശിച്ചിട്ടുള്ളത്.

**<u>ബ്രെയിൻഗെയിൻ:</u>**

ലോകമെമ്പാടുമുള്ള പ്രശസ്ത സർവ്വകലാശാലകളിലും ഗവേഷണ സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്ന അക്കാദമിക്കുകളായ മലയാളികളുടെ ഒരു സമഗ്ര ഡേറ്റാ ബെയ്സ് നിർമ്മിക്കുന്നതിനായി ലക്ഷ്യമിട്ട് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആരംഭിച്ച പദ്ധതിയാണ് ബ്രെയിൻ ഗെയിൻ. വിദേശങ്ങളിലുള്ള മലയാളികളായ ശാസ്ത്രജ്ഞർ, സാമൂഹ്യ ശാസ്ത്രജ്ഞർ, മാനവിക വിദഗ്ദ്ധർ, മെഡിക്കൽ പ്രൊഫഷണലുകൾ, സാങ്കേതിക വിദഗ്ധർ, മാനേജ്മെന്റ് സെപഷ്യലിസ്റ്റുകൾ തുടങ്ങിയ വിവിധ മേഖലകളിലെ വിദഗ്ധരെ കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക്, ഗവേഷണ വികസനത്തിനായി ഉൾക്കൊള്ളിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

**<u>ഇ-ജേർണൽ കൺസോർഷ്യം:</u>**

സർവ്വകലാശാലകൾക്ക് യു.ജി.സി. സൗജന്യമായി നൽകിവന്നിരുന്ന ഈ-ജേർണൽ പദ്ധതി (UGC INFLIBNET) നിർത്തലാക്കിയ സാഹചര്യത്തിൽ, സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകൾക്കും/ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവേഷണ പ്രവർത്തനത്തിനും മറ്റും അനിവാര്യമായ ഈ-ജേർണൽ വിഭവങ്ങൾ പ്രദാനം ചെയ്യുന്നതിന് സംസ്ഥാനതല ഈ-ജേർണൽ കൺസോർഷ്യം (State Level E-Journal Consortium) 2022-23-ൽ രൂപീകരിച്ചിരുന്നു. പ്രമുഖ പ്രസാധകരായ എൽസെവിയർ, Knimbus എന്നിവരുമായി പ്രവർത്തനകരാർ നിലവിൽ വന്നുകഴിഞ്ഞു. എൽസെവിയർ ഗ്രൂപ്പിന്റെ പ്രസിദ്ധീകരണങ്ങളായ സയൻസ് ഡയറക്ടും (Science Direct) സ്കോപ്പസും (Scopus) ഇതിൽ ഉൾപ്പെടും. ഇത് ഗവേഷണ

പ്രവർത്തനങ്ങൾക്ക് ഏറെ സഹായകരമായ സംവിധാനമാണ്.

**ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്:**

നവകേരള സൃഷ്ടിക്ക് അനുയോജ്യമായ ഗവേഷണങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കിയ ഗവേഷണ പദ്ധതിയാണിത്. ലൈഫ് സയൻസ്, കെമിക്കൽ സയൻസ്, മെറ്റീരിയൽ സയൻസ്, പൊളിറ്റിക്കൽ സയൻസ്, ഹ്യൂമാനിറ്റീസ് & ലിബറൽ ആർട്സ്, ഇക്കണോമിക് സ്റ്റഡീസ്, അഗ്രികൾച്ചർ & ഇക്കോളജിക്കൽ സയൻസ്, ക്ലൈമറ്റ് ചെയ്ഞ്ച് & ജിയോളജിക്കൽ സ്റ്റഡീസ്, മെഡിക്കൽ സയൻസ്, കോമേഴ്സ് & മാനേജ്മെന്റ് സ്റ്റഡീസ്, ഡിജിറ്റൽ ടെക്നോളജി & എഞ്ചിനീയറിംഗ് എന്നിവ ഉൾക്കൊള്ളുന്ന 10 ബൃഹത്തായ വിജ്ഞാന മേഖലകളിലാണ് ഫെല്ലോഷിപ്പ് നൽകുന്നത്. ആദ്യവർഷം ഓരോ മാസവും 50,000/- രൂപയും രണ്ടാം വർഷം ഒരു ലക്ഷം രൂപ വീതവും കൂടാതെ പ്രതിവർഷം 2 ലക്ഷം രൂപ വീതം സയൻസ് വിഭാഗത്തിൽപ്പെട്ടവർക്കും 50,000 രൂപ വീതം സോഷ്യൽ സയൻസ് വിഭാഗത്തിനും കണ്ടിജൻസി ഗ്രാന്റായും നൽകും.

**കൈരളി ഗവേഷണ പുരസ്കാരങ്ങൾ:**

ഗവേഷണരംഗത്ത് മികവ് കാട്ടുന്ന കേരളീയർക്ക് അംഗീകാരവും പ്രോത്സാഹനവും നൽകാൻ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നതാണ് കൈരളി റിസേർച്ച് അവാർഡുകൾ. പോസ്റ്റ് ഡോക്ടറൽ ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്കുള്ള കൈരളി ഗവേഷക പുരസ്കാരം, റിസേർച്ച് ഫാക്കൽറ്റിക്ക് നൽകുന്ന കൈരളി ഗവേഷണ പുരസ്കാരം, പ്രമുഖ ശാസ്ത്രജ്ഞർക്ക് സമഗ്ര സംഭാവനയ്ക്ക് നൽകുന്ന കൈരളി ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്, കൈരളി ഗ്ലോബൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് എന്നിവയാണ് കൈരളി ഗവേഷണ അവാർഡ് ശ്രേണിയിൽ ഉൾപ്പെടുന്ന പുരസ്കാരങ്ങൾ.

**K-REAP:**

സർവ്വകലാശാലാ പ്രവർത്തനങ്ങളിൽ ആധുനിക സാങ്കേതികവിദ്യ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി K-REAP എന്ന പദ്ധതി സർക്കാർ ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു. K-REAP -ന്റെ ഭാഗമായി വിദ്യാർത്ഥി പ്രവേശനം മുതൽ പരീക്ഷാ ഫലപ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും

വരെയുള്ള മുഴുവൻ വിദ്യാർത്ഥി പഠന പ്രക്രിയകളും ഈ സംവിധാനത്തിലൂടെ ചിട്ടപ്പെടുത്തുവാൻ കഴിയും. പദ്ധതിയുടെ നടത്തിപ്പിനായി ASAP Kerala -യുമായി കൗൺസിൽ കരാറിലേർപ്പെട്ടു. 2024-25 അദ്ധ്യയന വർഷം മുതൽ കണ്ണൂർ സർവകലാശാലയിൽ പദ്ധതി നടപ്പിലാക്കിവരുന്നു. കാലടി, മലയാളം സർവകലാശാലകളിൽ K-REAP പദ്ധതി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. നാലുവർഷ ബിരുദ പ്രോഗ്രാം മുമ്പോട്ട് വയ്ക്കുന്ന ഫ്ളെക്സിബിൾ സെലക്ഷൻ, മേജർ മൈനർ മാറ്റങ്ങൾ വിവിധ സർവ്വകലാശാലകളുടെയും, കോളേജുകളുടെയും ക്രെഡിറ്റുകൾ സംയോജിപ്പിച്ച് ബിരുദം നേടൽ, ക്രെഡിറ്റ് ട്രാൻസ്ഫർ, സർവ്വകലാശാലാ മാറ്റം എന്നിവ നടപ്പിലാക്കാൻ കെ-റീപ് സംവിധാനം വളരെ ഫലപ്രദമാണ്. മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സുകൾക്കുള്ള സൗകര്യങ്ങളും കെ-റീപ് സംവിധാനത്തിൽ ലഭ്യമാണ്.

**ഡിജികോൾ (DIGICOL)**

ആഗോള വിദ്യാഭ്യാസ രംഗം ഡിജിറ്റൽ മാറ്റത്തിലേക്ക് നീങ്ങുന്നതിന്റെ പശ്ചാത്തലത്തിൽ, കേരളം 'Let's Go Digital' 'DIGICOL' എന്നിങ്ങനെ രണ്ട് പദ്ധതികൾക്ക് 2021 മുതൽ തുടക്കംകുറിച്ചു. ഈ പദ്ധതികളുടെ മുഖ്യലക്ഷ്യം ഉന്നത വിദ്യാഭ്യാസ രംഗത്ത് ഡിജിറ്റൽ സാങ്കേതികതയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക. അധ്യാപകരുടെ ഡിജിറ്റൽ സാങ്കേതികമായ കഴിവുകൾ വർദ്ധിപ്പിക്കുക, നൂതനവും പുതുമയാർന്നതുമായ അധ്യാപനരീതി (techno pedagogy) അവലംബിക്കുന്നതിനായുള്ള പരിശീലനം നൽകുക എന്നിവയാണ്.

**കേരള അക്കാദമിക് ലൈബ്രറി നെറ്റ് വർക്ക് (കാൽനെറ്റ്)**

കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ 11 സർവകലാശാലാ ലൈബ്രറികളിലെ 15 ലക്ഷത്തോളം പുസ്തകങ്ങളും തീസിസുകളും കൂട്ടിയിണക്കി സംസ്ഥാനതലത്തിൽ കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്ക് (Kerala Academic Library Network, KALNET) പ്രവർത്തനം ആരംഭിച്ചു. ഇത് വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ഒരുപോലെ പ്രയോജനപ്പെടുന്നതാണ്.

| | | | |
|---|---|---|---|
| | | | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തൊഴിൽ ദാതാക്കളായ വിദഗ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ IOC (ഇൻഡസ്ട്രി ഓൺ ക്യാമ്പസ്) പദ്ധതി നടപ്പിലാക്കിവരുന്നു. 6 പോളിടെക്നിക്ക് കോളേജുകളിൽ ASAP-ന്റെ സഹായത്തോടെയും പാലക്കാട് സർക്കാർ പോളിടെക്നിക് കോളേജിലും 4 സർക്കാർ കോളേജുകളിലും KSUM-ന്റെ സഹായത്തോടെയും മിനിഫാബ് ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്.<br>ആഗോള നിലവാരത്തിലുള്ള തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്കും വിദ്യാർത്ഥികൾക്കും ലഭ്യമാക്കുന്നതിനായി കാലാനുസൃതമായ നൈപുണ്യ വികസന/ പരിശീലന കോഴ്സുകൾ അസാപ് കേരള ആവിഷ്കരിച്ച് നടത്തി വരുന്നു.<br>വിദ്യാർത്ഥികൾക്കും അധ്യാപകർക്കും അന്താരാഷ്ട്ര നിലവാരത്തിലുള്ള അവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ കേരള സർവകലാശാല KUBIIC എന്ന ഇൻകുബേഷൻ സെന്റർ, പ്ലെയ്സ്മെന്റ് സെൽ, ഫിനിഷിംഗ് സ്കൂൾ എന്നിവ മുഖേന വിദ്യാർത്ഥികളുടെ സംരംഭകത്വ-നൈപുണ്യ വികസനത്തിൽ പരിശീലനം നടത്തിവരുന്നു.<br>വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ഗ്ലോബൽ നിലവാരത്തിലുള്ള അവസരങ്ങൾ ഒരുക്കുന്നതിനുവേണ്ടി മഹാത്മാഗാന്ധി സർവ്വകലാശാല വിവിധ വിദേശ സർവ്വകലാശാല/ സ്ഥാപനങ്ങളുമായി അക്കാദമിക - ഗവേഷണ സഹകരണത്തിനായി പ്രോജക്ട് എഗ്രിമെന്റ് (ധാരണാപത്രങ്ങൾ) ഒപ്പ് വച്ചിട്ടുണ്ട്.<br>സർവ്വകലാശാല ബിരുദങ്ങൾക്ക് വിദേശരാജ്യങ്ങളിൽ കൂടുതൽ സ്വീകാര്യത ഉറപ്പ് വരുത്തുന്നതിനായി കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല സിലബസ്, റെഗുലേഷൻസ് എന്നിവ കാലാനുസൃതമായി പരിഷ്കരിച്ചു വരുന്നു. വിവിധ ദേശീയ, അന്തർദേശീയ സ്ഥാപനങ്ങളുമായി ഏർപ്പെട്ടിട്ടുള്ള MOU വഴി Student Exchange Programme, Faculty Exchange, Research collaboration, Twinning Programme, Dual degree programme എന്നിവയും നടത്തുന്നുണ്ട്.<br>അന്താരാഷ്ട്ര വിദ്യാർത്ഥി - അധ്യാപക സഹകരണത്തിനും ഗവേഷണ പ്രവർത്തനങ്ങൾക്കും പ്രത്യേക പ്രാധാന്യം നൽകിക്കൊണ്ട്, എറണാകുളം സർക്കാർ ലോ കോളേജ് നെതർലാൻഡിലെ Leiden University -യുമായി ഒരു Memorandum of Understanding (MOU) ഒപ്പുവച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പിന്നാക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിൽ പങ്കാളിത്തവും സമാന അവകാശങ്ങളും ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; | (ബി) | പിന്നാക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിൽ പങ്കാളിത്തവും അവകാശങ്ങളും ഉറപ്പ് വരുത്തുന്നതിനായി അവരുടെ പ്രവേശനത്തിനുള്ള സംവരണം ഉറപ്പ വരുത്തുകയും വിദ്യാഭ്യാസ ആനുകൂല്യം (E GRANTS) നൽകിവരികയും ചെയ്യുന്നുണ്ട്.<br><br>ഇതിനു പുറമേ സർക്കാർ നൽകിവരുന്ന ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതിയിൽ സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങൾക്ക് ആവശ്യമായ പരിഗണനയും ശ്രദ്ധയും നൽകിയിട്ടുണ്ട്. ഈ സ്കോളർഷിപ്പ് പദ്ധതിയിൽ എസ്.സി/എസ്.ടി, ഒ.ബി.സി. വിഭാഗങ്ങൾക്ക് യഥാക്രമം 10%, 27% സംവരണം നൽകിവരുന്നു.<br>സാങ്കേതികവിദ്യാഭ്യാസ വകുപ്പിൽ ഈ വിഭാഗം വിദ്യാർഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനുവേണ്ടി, SCHOLAR SUPPORT PROGRAM സ്ഥാപനങ്ങളിൽ നിലവിൽ നടത്തിവരുന്നു.<br><br>എസ്‌സി/ എസ്ടി, ഒബിസി, ന്യൂനപക്ഷ വിഭാഗങ്ങളിലുള്ള വിദ്യാർത്ഥികൾക്കായുള്ള empowerment/ facilitation പദ്ധതിയുടെ ഭാഗമായി, വിവിധ ഇനങ്ങളിലേക്കായി എം.ജി.യൂണിവേഴ്സിറ്റി 50 ലക്ഷം രൂപ വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.<br>തുല്യ അവസരങ്ങൾ ഉറപ്പാക്കുന്നതിനായി യു.ജി.സി മാനദണ്ഡ പ്രകാരം ഇക്വൽ ഓപ്പർച്യൂണിറ്റി സെൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ പ്രവർത്തിക്കുന്നുണ്ട്.<br><br>ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല സാമൂഹികമായും ഭൂമിശാസ്ത്രപരമായും പിന്നാക്കം നിൽക്കുന്ന പ്രദേശങ്ങളിൽ ആദ്യ തലമുറയിലെ പഠിതാക്കളുടെ ഉൾച്ചേർക്കൽ ഉറപ്പാക്കുന്നതിനായി ലേണർ സപ്പോർട്ട് സെൻ്ററുകൾ (എൽഎസ്സ്‌സി) സ്ഥാപിച്ചിട്ടുണ്ട്.<br><br>വിവിധ സർക്കാർ വകുപ്പുകളുമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും സഹകരിച്ചും പങ്കാളിത്ത സ്ഥാപനങ്ങളുടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (CSR) ഫണ്ട് ഉപയോഗിച്ചും പട്ടികവർഗ്ഗ പെൺകുട്ടികളുടെ നൈപുണ്യവികസനം ലക്ഷ്യം വച്ചുകൊണ്ടുള്ള, പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയ 'സൂപ്പർ 100', 'സൂപ്പർ 60' പോലുള്ള പദ്ധതികൾ അസാപ് കേരള മുഖേന നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സർക്കാർ പ്രഖ്യാപിച്ച സ്റ്റഡി ഇൻ കേരള പദ്ധതിയും അന്താരാഷ്ട്ര വിദ്യാർത്ഥികളെ ആകർഷിക്കുന്ന നടപടികളും പ്രായോഗികവൽക്കരിക്കുന്നതിനായി ആസൂത്രണം നടപടികൾ വിശദമാക്കാമോ? | (സി) | അന്താരാഷ്ട്ര വിദ്യാർത്ഥികളെ മുഴുവൻസമയ - ഹ്രസ്വകാല പ്രോഗ്രാമുകളിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള സാധ്യതകൾ കേരളത്തിലുണ്ട്. ആൾ ഇന്ത്യ ഉന്നത വിദ്യാഭ്യാസ സർവ്വേ 2021-22 പ്രകാരം ഇന്ത്യൻ സ്ഥാപനങ്ങളിൽ ചേർന്ന വിദേശ വിദ്യാർത്ഥികളുടെ എണ്ണം 46,000 ആണ്. കേരളത്തെ ഒരു ഉന്നത വിദ്യാഭ്യാസ ഹബ്ബ് ആക്കി മാറ്റുന്നതിനും അത് വഴി ഉപരിപഠനത്തിനായി കൂടുതൽ അന്താരാഷ്ട്ര വിദ്യാർത്ഥികളെ കേരളത്തിലേക്ക് എത്തിക്കുന്നതിനും ആവശ്യമായ കർമ്മപരിപാടികൾ സ്റ്റഡി ഇൻ കേരള എന്ന പദ്ധതിയിലൂടെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതുമായി ബന്ധപ്പെട്ട് ജനുവരി 14,15 തീയതികളിൽ കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ വച്ച് ഒരു അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ കോൺക്ലേവ് സംഘടിപ്പിക്കുകയുണ്ടായി. വിദേശ സർവ്വകലാശാലകളുമായി ധാരണാ പത്രങ്ങൾ ഒപ്പുവയ്ക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. 2025 ഫെബ്രുവരി 4-ാം തീയതിയിൽ ഉന്നത വിദ്യാഭ്യാസ കൗൺസിൽ <u>അമേരിക്കയിലെ പ്രശസ്തമായ യൂണിവേഴ്സിറ്റി ഓഫ് മിഷിഗൺ ഫ്ളിന്റുമായി അക്കാദമിക സഹകരണത്തിനായുള്ള ധാരണാപത്രത്തിൽ ഒപ്പുവച്ചു.</u> ഇത്തരം തന്ത്രപരമായ നടപടികൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളത്തിന് ദേശീയ-അന്തർദേശീയ തലത്തിൽ ശ്രദ്ധ ലഭിക്കുന്നതിന് സഹായകരമാകും.<br>നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ <u>കരിക്കുലവും ക്രെഡിറ്റുകളും നിർവ്വചിച്ചിരിക്കുന്നത് ദേശീയ-അന്തർദേശീയ മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടാണ്.</u><br>വിദേശരാജ്യങ്ങളിലേതുപോലെ പൂർണ്ണമായും ക്രെഡിറ്റ് അടിസ്ഥാനമാക്കി ഓരോ വിദ്യാർത്ഥിക്കും സ്വന്തം അഭിരുചികളും ലക്ഷ്യങ്ങളും അനുസരിച്ച് അക്കാദമിക് അഡ്വൈസറുടെ സഹായത്തോടെ സ്വന്തം കഴിവുകൾ വികസിപ്പിക്കാനും പ്രൊഫഷണൽ ലക്ഷ്യങ്ങൾക്ക് സഹായകരമാവും വിധം വിവിധ വിഷയങ്ങളുടെ കോമ്പിനേഷൻ തെരഞ്ഞെടുത്ത് തന്റെ ബിരുദ ഘടന രൂപകല്പന ചെയ്യാനുള്ള തരത്തിലാണ് കരിക്കുലം രൂപകല്പന ചെയ്തിരിക്കുന്നത്. നാലുവർഷ ബിരുദ ക്രെഡിറ്റുകൾക്ക് ലോകത്തിലെ പ്രധാനപ്പെട്ട <u>ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനങ്ങളായ യൂറോപ്യൻ ക്രെഡിറ്റ് ട്രാൻസ്ഫർ സിസ്റ്റം (ECTS) ആയിട്ടും അമേരിക്കൻ ക്രെഡിറ്റ് ട്രാൻസ്ഫർ സംവിധാനമായിട്ടും ക്രെഡിറ്റ് കൈമാറ്റം സാധ്യമാകും</u>. നമ്മുടെ ബിരുദങ്ങൾക്കും ഇന്റർ |

| | | | |
|---|---|---|---|
| | | | നാഷണൽ കോമ്പാറ്റബിലിറ്റി നേടാൻ ഈ സംവിധാനം സഹായകരമാവുകയും ചെയ്യും.<br>കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ ICCR (Indian Council for Cultural Relations) സ്കോളർഷിപ്പ് സ്കീം വഴിയും SII (study in India) പദ്ധതി വഴിയും വിദേശ വിദ്യാർത്ഥികൾ പഠനത്തിനായി എത്തുന്നുണ്ട്. ഇതു കൂടാതെ വിദേശവിദ്യാർത്ഥികൾ നേരിട്ട് സർവ്വകലാശാല പഠനത്തിന് അപേക്ഷിക്കുന്നതിനായി OCI/ PIO (Overseas Citizen of India/ Person of Indian Origin) പദ്ധതിയും നിലവിലുണ്ട്. കൂടാതെ ERASMUS+, DADD തുടങ്ങിയ അന്താരാഷ്ട്രപദ്ധതികൾ പ്രയോജനപ്പെടുത്തിയും വിദേശ വിദ്യാർത്ഥികളെ സർവകലാശാലയിലേക്ക് ആകർഷിക്കുന്നുണ്ട്.<br>അന്താരാഷ്ട്ര വിദ്യാർത്ഥികളെ ആകർഷിക്കുന്ന നടപടികളുടെ ഭാഗമായി എറണാകുളം സർക്കാർ ലോ കോളേജ് വിദ്യാർത്ഥി എക്സ്ചേഞ്ച് (Student Exchange) പ്രോഗ്രാമുകളും അധ്യാപക എക്സ്ചേഞ്ച് (Faculty Exchange) പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ